# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലൈ 4, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 266)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 5355 മുതൽ 5476 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 5477 മുതൽ 5535 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 5536 മുതൽ 5572 വരെ |
| പട്ടികജാതി–പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 5573 മുതൽ 5620 വരെ |

## നാഷണൽ അർബൻ ഹെൽത്ത് മിഷൻ

5355 ശ്രീ. പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ അർബൻ ഹെൽത്ത് മിഷന് കേന്ദ്ര ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നഗരങ്ങളിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുക്കാനാഗ്രഹിക്കുന്നുണ്ട്; വിശദമാക്കുമോ ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>ആദിവാസി ചികിത്സാ രീതികള്‍ കൂടുതല്‍ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി</u>

T5356 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആദിവാസി ചികിത്സാ രീതികള്‍ കൂടുതല്‍ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ പ്രവര്‍ത്തന രീതി എന്തൊക്കെയാണ്; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള പരിശോധനകൾ

5357 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള പരിശോധനകൾ കാര്യക്ഷമമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിൽ 2013 ജനുവരി മുതൽ മെയ് 31 വരെ എത്ര സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തിട്ടുണ്ട്; എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ഭക്ഷണശാലകളിൽ പരിശോധന</u>

5358 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2013 ജനുവരി മുതൽ മെയ് 31 വരെ എത്ര ഭക്ഷണശാലകളിൽ പരിശോധന നടത്തിയിട്ടുണ്ട്;

(ബി) പരിശോധനയുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യ സുരക്ഷ - ഗുണ നിലവാര നിയമം</u>

T5359 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷ-ഗുണ നിലവാര നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷ - ഗുണ നിലവാര അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിന് സംസ്ഥാനത്തെ ഹോട്ടലുകൾക്ക് അനുവദിച്ചിരുന്ന സമയം കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇനിയും മാനദണ്ഡങ്ങൾ പാലിക്കാത്ത ഹോട്ടലുകളുണ്ടോ; ഉണ്ടെങ്കിൽ അവയ്ക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഭക്ഷണ സാധനങ്ങളുടെ ഗുണ നിലവാരം തിട്ടപ്പെടുത്താനായി ഓരോ ജില്ലയിലും നടത്തിയ പരിശോധനകൾ, രജിസ്റ്റർ ചെയ്ത കേസ്സുകൾ, അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്നിവ സംബന്ധിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ഭക്ഷ്യ സുരക്ഷ

5360 ശ്രീ.എ. പ്രദീപ്കുമാർ
'' വി. ശിവൻകുട്ടി
'' ബാബു എം. പാലിശ്ശേരി
'' വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ ശക്തമായ ഇടപെടലിന്റെ അഭാവം കൊണ്ട് ഭക്ഷ്യവിഷബാധ വർദ്ധിച്ചു വരുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) ഭക്ഷ്യ വസ്തുക്കൾ വ്യാപാരം നടത്തുന്നവർക്കെല്ലാം രജിസ്ട്രേഷനും ലൈസൻസും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ഈ പ്രക്രിയ പൂർത്തിയാക്കുമെന്ന് അറിയിക്കാമോ;

(സി) രോഗം ബാധിച്ചതും വിഷാംശം കലർന്നതുമായ കോഴിയിറച്ചി, മാരകരാസ കീടനാശിനികൾ ഉള്ള പച്ചക്കറികൾ, പഴങ്ങൾ, രാസവസ്തുക്കൾ ചേർന്ന ഐസ് എന്നിവയെല്ലാം സംസ്ഥാനത്ത് വ്യാപകമായിട്ടും ഇതു തടയാൻ ഭക്ഷ്യാ സുരക്ഷാ വകുപ്പിന് കഴിയാതെ പോയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എന്തു അടിയന്തിര നടപടികൾ സ്വീകരിക്കാനാണ് തയ്യാറാകുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

2006-ലെ ഭക്ഷ്യസുരക്ഷ നിലവാര നിയമത്തിലെ വ്യവസ്ഥകൾ

T5361 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-ലെ ഭക്ഷ്യ സുരക്ഷ നിലവാര നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നാണ് തീരുമാനിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പഠനങ്ങൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠനങ്ങളിൽ കണ്ടെത്തിയ ശുപാർശകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

2006 ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമം
പ്രാവര്‍ത്തികമാക്കുന്നതിന് നടപടി

T5362 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2006 ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമം അനുസരിച്ചുള്ള ചട്ടങ്ങള്‍ പ്രാവര്‍ത്തികമാക്കുന്നതിന് മതിയായ ഉദ്യോഗസ്ഥരുടെ കുറവുണ്ടെന്നത് ശ്രദ്ധയില്‍ പെട്ടിട്ടുണ്ടോ;

(ബി) പുതിയ നിയമത്തിലെ ചട്ടങ്ങള്‍ പ്രകാരം നിയമിക്കേണ്ട ഉദ്യോഗസ്ഥരുടെ എണ്ണവും അവരുടെ യോഗ്യതകളും നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിയമം പാലിക്കാത്തവര്‍ക്കെതിരെ പ്രോസിക്യൂഷന്‍ നടപടികള്‍ സ്വീകരിക്കുന്നതിന് തടസ്സമായിട്ടുള്ള ഘടകങ്ങള്‍ എന്തെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഈ തടസ്സങ്ങള്‍ നീക്കി ചട്ട പ്രകാരം നടപടി സ്വീകരിക്കാന്‍ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങള്‍ ഏര്‍പ്പെടുത്തിയെന്ന് വ്യക്തമാക്കാമോ?

(

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്ക് രജിസ്ട്രേഷനും ലൈസൻസും

5363 ശ്രീ. വി. ഡി. സതീശൻ
,, ലൂഡി ലൂയിസ്
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്ക് രജിസ്ട്രേഷനും ലൈസൻസും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) രജിസ്ട്രേഷനും ലൈസൻസും എല്ലാവർക്കും നിർബന്ധമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഇത്തരത്തിൽ രജിസ്ട്രേഷനും ലൈസൻസും നൽകിയതിന്റെ വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>അണുമുക്തമായ ശുദ്ധജലം</u>

T5364

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര ശതമാനം ജനങ്ങൾ അണുമുക്തമായ ശുദ്ധജലം കുടിക്കുന്നു എന്നതു സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; ഓരോ ജില്ലയിലും ജനങ്ങൾ കുടിവെള്ളമായി ഉപയോഗിക്കുന്ന വെള്ളത്തിൽ ഉൾക്കൊണ്ടിട്ടുള്ള ലവണങ്ങളും മാലിന്യങ്ങളും പരിശോധിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) കുപ്പികളിൽ അടച്ച് വില്പനയ്ക്കെത്തുന്ന കുടിവെള്ളത്തിൽ ആരോഗ്യത്തിനു ഹാനികരമായ രാസവസ്തുക്കൾ കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ എന്തു സംവിധാനമാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ആലപ്പുഴ ജില്ലയിലെ വിവിധ താലൂക്ക് പ്രദേശങ്ങളിൽ ലഭിക്കുന്ന കുടിവെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് മാലിന്യത്തിന്റെയും ലവണങ്ങളുടെയും സാന്നിദ്ധ്യം പരിശോധിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

## കുപ്പിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

5365 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലഭിക്കുന്ന കുപ്പിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് സർക്കാർ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കേരളത്തിൽ എത്ര കമ്പനികൾ കുപ്പിവെള്ളം വിൽക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കുപ്പിവെള്ളത്തിൽ മിക്കവയും ഗുണനിലവാരമില്ലാത്തതും, ഭക്ഷ്യയോഗ്യമല്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം കമ്പനികൾക്കെതിരെ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ;

(ഇ) പരിശോധന പൂർത്തിയാക്കി പുറത്തിറങ്ങുന്ന കമ്പനിയുടെ കുപ്പിവെള്ളം ഉപഭോക്താവിന് തിരിച്ചറിയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ഹോട്ടലുകളിലെ റെയ്ഡ്</u>

5366 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തെ ജലജന്യരോഗങ്ങളും അതിന്റെ പകർച്ചയും വ്യാപനവും തടയുവാൻ സംസ്ഥാനത്തെ ഹോട്ടലുകളും റെസ്റ്റോറന്റുകളും പരിശോധനയും റെയ്ഡും നടത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചു;

(ബി) സംസ്ഥാനത്ത് ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും രജിസ്ട്രേഷൻ നിലവിലുണ്ടോ; എങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ടവ എത്ര; രജിസ്റ്റർ ചെയ്യപ്പെടാത്തവ എത്ര;

(സി) ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കാനും അല്ലാത്തവ അടച്ചുപൂട്ടാനും നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് നടത്തുന്ന എത്ര തട്ടുകടകൾക്ക് രജിസ്ട്രേഷൻ നിലവിലുണ്ട്; എല്ലാ തട്ടുകടകൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കുമോ;

(ഇ) സംസ്ഥാനത്തെ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ മുഖേന വില്പന നടത്തുന്ന ഭക്ഷണസാധനങ്ങൾ, കുടിവെള്ളം, ശുചിത്വമില്ലായ്മ, പഴകിയ ഭക്ഷണം എന്നിവയിലൂടെ വയറിളക്കം, എലിപ്പനി, കോളറ, മഞ്ഞപ്പിത്തം തുടങ്ങിയവ ഉണ്ടാകുന്ന സാഹചര്യമുള്ളതിനാൽ എല്ലാ ഭക്ഷണ വില്പനശാലകളിലും പരിശോധന കർശനമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര പരിശോധനകൾ നടത്തി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) പരിശോധനയിൽ കണ്ടെത്തി നടപടികൾ സ്വീകരിച്ച ഹോട്ടൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

(ജി) ഇതിലൂടെ എന്ത് തുക പിഴയിനത്തിൽ ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത പരിശോധനാ വിവരം ഉദ്യോഗസ്ഥർ ചോർത്തി നൽകുന്നതുമൂലം പല പരിശോധനകളും ഫലവത്താകാത്തത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ഐ) എങ്കിൽ ഇതിന്റെ കാരണക്കാരായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ജെ) ഇത്തരത്തിൽ ഒരിക്കൽ പിടിക്കപ്പെട്ട സ്ഥാപനങ്ങൾ വീണ്ടും ഇത്തരം പ്രവൃത്തികൾ ആവർത്തിക്കപ്പെട്ടാൽ എപ്രകാരമുള്ള നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യസാമ്പിളുകളുടെ പരിശോധന</u>

5367 ശ്രീ. എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പിടിച്ചെടുക്കുന്ന ഭക്ഷ്യ സാമ്പിളുകൾ അനലിറ്റിക്കൽ ലാബിൽ ശരിയായ വിധത്തിൽ പരിശോധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>അമ്മയും കുഞ്ഞും, ജനനി സുരക്ഷാ യോജനാ</u>

5368 ശ്രീ.എ.കെ.ബാലൻ
ശ്രീമതി കെ.കെ.ലതിക
'' കെ.എസ്.സലീഖ
ഡോ.കെ.ടി.ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്രഖ്യാപിച്ച അമ്മയും കുഞ്ഞും, പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) സർക്കാർ പുതുതായി പ്രഖ്യാപിച്ച പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ജനനി സുരക്ഷാ യോജനയിലില്ലാത്ത ഘടകങ്ങൾ ഏതൊക്കെയാണ്;

(സി) ജനനി സുരക്ഷായോജന നിലനിർത്തിക്കൊണ്ട് അതിനുപുറമേ നടത്താനുദ്ദേശിച്ചുകൊണ്ടുള്ളതാണോ പുതിയ പദ്ധതി;

(ഡി) ജനനി സുരക്ഷാ പദ്ധതിയുടെ കഴിഞ്ഞ നാലു വർഷത്തെ നിർവ്വഹണം അവലോകനം ചെയ്ത് വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജനനീ സുരക്ഷാ യോജന</u>

5369

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനനീ സുരക്ഷാ യോജനയുടെ ഓരോ വർഷത്തെയും ഗുണഭോക്താക്കളുടെ എണ്ണം എത്ര;

(ബി) പദ്ധതി ആരംഭിച്ചപ്പോൾ സഹായധനം എത്രയായിരുന്നു;

(സി) ഇതിനോടകം എത്ര തവണ ജനനീ സുരക്ഷാ യോജന പ്രകാരമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയുണ്ടായെന്നും അതു സംബന്ധിച്ചുള്ള ഉത്തരവുകളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>ജനനി-ശിശു സുരക്ഷാ പദ്ധതി</u>

5370 ശ്രീ. വി. ഡി. സതീശൻ
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ ജനനി-ശിശു സുരക്ഷാ പദ്ധതി കേരളത്തിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൻ കീഴിൽ എന്തെല്ലാം സേവനങ്ങളും ചികിൽസകളുമാണ് സ്ത്രീകൾക്കും കുട്ടികൾക്കും ലഭിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ജനനി സുരക്ഷയിൽ ചികിൽസയ്ക്കുള്ള ചെലവുകൾ ആരാണ് വഹിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ആശുപത്രികളിലാണ് ഈ സൗകര്യം ഒരുക്കിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

'ശിശുസൗഹാർദ്ദ സംസ്ഥാനമായി' പ്രഖ്യാപിച്ചതിനു ശേഷം നടന്ന ശിശുമരണം

5371 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം 'ശിശുസൗഹാർദ്ദ സംസ്ഥാനമായി' പ്രഖ്യാപിച്ചതിനു ശേഷം നടന്ന ശിശുമരണങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിലവിൽ ശിശുമരണങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ശിശുമരണങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**4.07.2013–ലെ മറുപടിക്ക്**

<u>സ്ത്രീകളിലും കുട്ടികളിലും മദ്യപാനശീലം</u>

5372 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളിലും കുട്ടികളിലും മദ്യപാന ശീലം വർദ്ധിച്ചുവരുന്നു എന്ന ചില മാധ്യമ പഠന റിപ്പോർട്ടുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥിതിവിശേഷത്തെ എങ്ങനെയാണ് വിലയിരുത്തുന്നത്; വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ സാമൂഹ്യനീതി, സാമൂഹ്യസുരക്ഷ പദ്ധതികളുടെ പരാജയമാണ് ഇത്തരം സ്ഥിതിയിലേയ്ക്ക് സംസ്ഥാനത്തെ കൊണ്ടെത്തിച്ചത് എന്ന് കരുതുന്നുണ്ടോ;

(ഡി) കുട്ടികളിൽ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്ന പ്രവണത വർദ്ധിക്കുന്നത് ഇല്ലായ്മ ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പുകയില നിയന്ത്രണ നിയമം</u>

T5373 ശ്രീ. വി. എസ്. സുനിൽ കുമാർ
'' ഇ. കെ. വിജയൻ
'' വി. ശശി
'' ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുകയില നിയന്ത്രണ നിയമം (കോട്ട്പ്പാ) നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് പ്രസ്തുത നിയമം നിലവിൽ വന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പൊതു സ്ഥലങ്ങളിലെ പുകവലി നിയന്ത്രിക്കാൻ ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പൊതു സ്ഥലങ്ങളിലെ പുകവലി മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം; ഇല്ലെങ്കിൽ അത്തരം ഒരു പഠനം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പുകയില ഉല്പന്നങ്ങളുടെ സംഭരണവും വില്പനയും സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിരോധിച്ച ഉല്പന്നങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>നിരോധിച്ച ലഹരി പദാർത്ഥങ്ങൾ</u>

5374 ശ്രീ. ഇ. പി. ജയരാജൻ
,, കെ. രാധാകൃഷ്ണൻ
,, കെ. ദാസൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിച്ച പാൻമസാലയും മറ്റ് പുകയില ഉൽപന്നങ്ങളും വ്യാപകമായി വിൽപന നടത്തുന്നുണ്ടെന്ന വാർത്ത പരിശോധിച്ചിരുന്നോ;

(ബി) നിരോധിച്ച ലഹരി പദാർത്ഥങ്ങൾ ലഭ്യമല്ലെന്നുറപ്പാക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് എന്തെങ്കിലും പരിശോധനകൾ നടത്താറുണ്ടോ;

(സി) നിരോധിത പുകയില ഉൽപന്നങ്ങൾ വിറ്റതിന്റെ പേരിൽ സംസ്ഥാനത്ത് വിൽപനക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ച നടപടി അറിയിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി</u>

5375 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശ്യമരുന്നുകളുടെ വിലനിയന്ത്രണം ലക്ഷ്യമാക്കി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി പുറപ്പെടുവിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് ഫലപ്രദമായി നടപ്പിലാക്കുവാൻ ഡ്രഗ്സ് കൺട്രോളർമാർക്കും മരുന്നു വിതരണക്കാർക്കും എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പ്രസ്തുത ലിസ്റ്റിൽപ്പെടുന്ന 348 മരുന്നുകൾ ഓരോന്നിനും എന്തു വിലകുറയും എന്ന് ഡ്രഗ്സ് കൺട്രോളറും വകുപ്പും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ എന്തു നടപടികൾ സ്വീകരിക്കും എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

**ക്ലിനിക്കൽ ലാബുകളിൽ ഉപയോഗിക്കുന്ന സിറിഞ്ചിന്റെ ഗുണനിലവാരവും ഉപയോഗവും**

5376 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ലിനിക്കൽ ലാബുകളിൽ ഉപയോഗിക്കുന്ന സിറിഞ്ച് ഒന്നിലേറെപ്പേരിൽ ഉപയോഗിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ലാബുകളിലേയ്ക്ക് സിറിഞ്ചു വാങ്ങുന്നതിന്റെ നടപടിക്രമമെന്താണ്;

(സി) സംസ്ഥാനത്തൊട്ടാകെ ആവശ്യമുള്ള സിറിഞ്ചുകൾ ഒന്നായി ടെന്റർ വിളിച്ച് ശേഖരിക്കുകയാണോ എന്നു വ്യക്തമാക്കുമോ;

(ഡി) സിറിഞ്ച് ലോക്കൽ പർച്ചേസ് നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് അങ്ങിനെ അനുമതി നൽകുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ മരുന്നുകളുടെ വിവരം</u>

5377 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഏതെല്ലാം മരുന്നുകളും ഉപകരണങ്ങളുമാണ് 2011-12 -ലും 2012-2013-ലും വാങ്ങിയത് എന്നറിയിക്കുമോ;

(ബി) എത്ര തുകയുടെ മരുന്നു ശേഖരണം നടത്തുകയുണ്ടായി;

(സി) ഏതെല്ലാം സ്വകാര്യ കമ്പനികളിൽ നിന്നും മരുന്നുകൾ വാങ്ങുകയുണ്ടായി; ഓരോ കമ്പനിയിൽ നിന്നും എത്ര തുകയുടെ മരുന്നുകളാണു വാങ്ങിയത്;

(ഡി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങുകയുണ്ടായി; ഓരോ പൊതു മേഖലാ സ്ഥാപനത്തിൽ നിന്നും എത്ര തുകയുടെ മരുന്നുകൾ വാങ്ങുകയുണ്ടായി;

(ഇ) ടെൻഡർ പ്രകാരമല്ലാതെ നേരിട്ട് ഏതെല്ലാം കമ്പനികളിൽ നിന്നും മരുന്നുകൾ വാങ്ങുകയുണ്ടായി; ഓരോ കമ്പനിയിൽ നിന്നും എത്ര തുകയുടെ മരുന്നുകളാണ് ഇങ്ങനെ വാങ്ങിയത്?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>മരുന്നു വില പിടിച്ചു നിർത്തുന്നതിന് നടപടി</u>

5378 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്നു വില പിടിച്ചു നിർത്തുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) വില നിയന്ത്രിക്കുന്നതിനുള്ള അധികാരം ആർക്കാണ്; പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും, നിരോധിച്ച മരുന്നുകൾ വിതരണം ചെയ്യുന്നത് തടയുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം</u>

5379 ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, ആര്‍. സെല്‍വരാജ്
,, പി. സി. വിഷ്ണുനാഥ്
,, കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനറിക് മെഡിസിന്‍ സൗജന്യമായി നല്‍കുന്ന പദ്ധതി ആര് മുഖേനയാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(ബി) ഏതെല്ലാം രോഗികള്‍ക്കാണ് മരുന്നുകള്‍ ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനുള്ള ധനാഗമമാര്‍ഗ്ഗങ്ങള്‍ ഏതൊക്കെ; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ മരുന്ന് വിതരണം</u>

5380 ശ്രീ. വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽ കൗണ്ടറുകളിൽ മരുന്ന് വിതരണം ചെയ്യുന്നതിനു വേണ്ടി നിയോഗിച്ചിരിക്കുന്നവർക്ക് ആവശ്യമായ അടിസ്ഥാന യോഗ്യത ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം യോഗ്യതകൾ ഉള്ളവർ തന്നെയാണ് മെഡിക്കൽ കൗണ്ടറുകളിൽ ജോലി ചെയ്യുന്നത് എന്ന് ഉറപ്പ് വരുത്താൻ സർക്കാർ സംവിധാനം ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) നിശ്ചിത യോഗ്യത ഇല്ലാത്തവർ ഇങ്ങനെയുള്ള കൗണ്ടറുകളിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം ആശുപത്രികൾക്ക് എതിരെ നടപടിയെടുക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) കേരളത്തിൽ ആകെയുള്ള ഡ്രഗ് ഇൻസ്പെക്ടർമാരുടെ എണ്ണം എത്രയാണ്;

(എഫ്) ഇവരുടെ സേവനം ഉപയോഗിച്ച് സ്വകാര്യ ആശുപത്രികളിലെ മെഡിക്കൽ കൗണ്ടറുകളിൽ ജോലി ചെയ്യുന്നവരുടെ യോഗ്യത പരിശോധിക്കാൻ കഴിയുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കാരുണ്യ ഫാർമസികളുടെ പ്രവർത്തനം</u>

5381 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലെ എത്ര സർക്കാർ ആശുപത്രികളിൽ കാരുണ്യ ഫാർമസി ആരംഭിച്ചിട്ടുണ്ട്;

(ബി) എല്ലാ ആശുപത്രികളിലും കാരുണ്യ ഫാർമസി തുടങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>'കാരുണ്യ മെഡിക്കൽ സ്റ്റോറിൽ' നിന്നും മാത്രം മരുന്നു വാങ്ങാൻ നിർദ്ദേശം</u>

5382 ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ 'കാരുണ്യ മെഡിക്കൽ സ്റ്റോറിൽ' നിന്നും മാത്രമേ മരുന്നു വാങ്ങാവൂ എന്ന ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇന്റന്റ് ചെയ്തതിനു ശേഷം കാരുണ്യ മെഡിക്കൽ സ്റ്റോറിൽ നിന്നും യഥാസമയം മരുന്ന് ലഭിക്കുന്നില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാസർഗോഡ് ജില്ലയിൽ കാരുണ്യ മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് യഥാസമയം ലഭിക്കാത്തതു മൂലം രോഗികൾ ബുദ്ധിമുട്ടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മരുന്ന് യഥാസമയം ആശുപത്രികളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

കാരുണ്യ സഹായ പദ്ധതി

5383 ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ സഹായ പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുളള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം രോഗങ്ങൾക്കാണ് പ്രസ്തുത പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്കീമിൽ നിന്നും ലഭിക്കുന്ന പരമാവധി സാമ്പത്തിക സഹായം എത്രരൂപയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പനി നിവാരണത്തിനായി സൗജന്യ മരുന്നുകൾ</u>

5384 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പനി നിവാരണത്തിനായി സൗജന്യ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ടോ;

(ബി) അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദം എന്നീ വിഭാഗങ്ങളിലായി എത്ര കോടി രൂപയുടെ മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യപ്പെട്ടുവെന്ന് കണക്കാക്കിയിട്ടുണ്ടോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>പനി ബാധിതർ</u>

5385 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013-ൽ ഓരോതരം പനി ബാധിച്ചു മരിച്ചവരുടെ വിവരം പ്രത്യേകം പ്രത്യേകം നൽകുമോ;

(ബി) പനി ബാധിച്ച് സംസ്ഥാനത്ത് ആശുപത്രിയിൽ പ്രവേശിച്ചവരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ഡെങ്കിപനി ബാധിതർ</u>

5386 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ൽ ഇതുവരെ ഡെങ്കിപനി ബാധിച്ച് സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) 2013 ൽ ഇതിനകം എത്ര പേർക്ക് ഡെങ്കിപനി പിടിപെട്ടിട്ടുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>ചിക്കുന്‍ ഗുനിയ ബാധിച്ച് മരണപ്പെട്ടവര്‍</u>

5387 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2006 ല്‍ ചിക്കുന്‍ ഗുനിയ ബാധിച്ച് സംസ്ഥാനമൊട്ടാകെ എത്ര പേരാണ് മരണപ്പെട്ടത്;

(ബി) ഇപ്രകാരം മരണപ്പെട്ടവരില്‍ എത്ര പേരുടെ ആശ്രിതര്‍ക്ക് സര്‍ക്കാര്‍ സഹായമായ 25,000/-രൂപ വിതരണം ചെയ്തു എന്നറിയിക്കുമോ?

## കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>പകർച്ചപ്പനി ബാധിതരുടെ എണ്ണം</u>

5388 ശ്രീ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി ബാധിതരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പനി ബാധിച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പനി നിയന്ത്രണത്തിനും മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാനും കേന്ദ്ര സഹായത്തിന് സംസ്ഥാനം അഭ്യർത്ഥിച്ചിട്ടുണ്ടോ; കേന്ദ്ര സഹായം നൽകുകയോ, സഹായ വാഗ്ദാനം ലഭിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പകർച്ച വ്യാധികളെ സംബന്ധിച്ച് പഠിക്കുന്നതിനുള്ള കേന്ദ്ര സംഘം</u>

5389 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പടർന്ന് പിടിക്കുന്ന ഡെങ്കിപ്പനി, ചിക്കൻഗുനിയ മുതലായ അസുഖങ്ങൾ സംബന്ധിച്ച് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ നിന്നുള്ള വിദഗ്ദ്ധ സംഘം കേരളം സന്ദർശിച്ചിട്ടുണ്ടോ; എത്ര പ്രാവശ്യം സന്ദർശനം നടത്തിയെന്നും എന്നായിരുന്നു സന്ദർശനങ്ങൾ എന്നും ആരായിരുന്നു സംഘത്തലവൻ എന്നും എവിടെയെല്ലാം സന്ദർശനം നടത്തിയെന്നും അറിയിക്കുമോ;

(സി) വിദഗ്ദ്ധ സംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

ഡെങ്കിപ്പനി, എലിപ്പനി, എച്ച്1 എൻ1 പനി എന്നിവ ബാധിച്ചവർ

5390 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ച് മാസം മുതൽ നാളിതുവരെ സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി, എച്ച്1എൻ1 പനി എന്നിവ ബാധിച്ച് എത്ര പേർ ചികിത്സ തേടിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(സി) പനിബാധിച്ച് മരണപ്പെട്ടവർക്ക് സർക്കാർ ഇതിനകം എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ?

## കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>അസിത്രോമൈസിൻ ഗുളികയിൽ മറ്റുഗുളികകൾ കൂട്ടിചേർത്തുള്ള വിതരണം</u>

5391 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പനിക്കാലത്ത് കേരളത്തിൽ വിതരണം ചെയ്യുന്ന അസിത്രോമൈസിൻ ഗുളികയിൽ മറ്റുഗുളികകൾ കൂടി കൂട്ടിച്ചേർത്ത് വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ വിതരണം ചെയ്ത ഗുളികകൾ ഉണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

108 ആംബുലൻസ് സർവ്വീസ്

5392 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എ.എം. ആരിഫ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും**
**ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ ഓരോ ജില്ലയിലും എത്ര 108 ആംബുലൻസുകൾ വാങ്ങിയെന്നും അതിനായി സംസ്ഥാന സർക്കാർ എന്തു തുക ചെലവഴിച്ചെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ബ്ലഡ് ട്രാൻസ്ഫ്യൂഷൻ രംഗത്തെ സുരക്ഷാ പ്രശ്നങ്ങൾ

5393 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ കീഴിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും എത്ര ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം സ്ഥാപനങ്ങളിൽ;

(ബി) ബ്ലഡ് ബാങ്കുകളിൽ ശേഖരിക്കുന്ന രക്തം രോഗാണുമുക്തമാണെന്ന് പരിശോധിച്ചുറപ്പിക്കാൻ എന്തെല്ലാം ശാസ്ത്രീയ നിരീക്ഷണ പ്രക്രിയകളാണ് നടത്തേണ്ടത്;

(സി) ഓരോ ദാതാക്കളുടെയും ബ്ലഡ് സാമ്പിൾ ഉത്തരം നിരീക്ഷണങ്ങൾക്കു വിധേയമാക്കിയാണ് രക്തം ശേഖരിച്ചത് എന്ന് ഉറപ്പുവരുത്തുവാനുള്ള ചുമതല ആരിലാണു നിക്ഷിപ്തമായിരിക്കുന്നത്;

(ഡി) ദാതാക്കളിൽ നിന്നും സ്വീകരിച്ചു സൂക്ഷിച്ച രക്തം എച്ച്. ഐ.വി. പോസിറ്റീവ് ആവുകയും പ്രസ്തുത രക്തം ബ്ലഡ് ബാങ്കിൽ നിന്നും വിതരണം നടത്തുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായതു സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ;

(ഇ) അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുമോ;

(എഫ്) ഏത് ബ്ലഡ് ബാങ്കിൽ നിന്നാണ് എച്ച്.ഐ.വി. പോസിറ്റീവായ രക്തം സ്വീകർത്താവിനു നൽകിയതെന്നും സ്വീകർത്താവ് ആരായിരുന്നുവെന്നും എത്ര വയസ്സുള്ള ആളാണെന്നും വ്യക്തമാക്കുമോ;

(ജി) പ്രസ്തുത രക്തം നൽകിയവർക്കെതിരെ എന്തു നടപടിയാണു സ്വീകരിച്ചത്;

(എച്ച്) എച്ച്.ഐ.വി. പോസിറ്റീവ് രക്തം സ്വീകർത്താവിനു നൽകി മാരകമായ എയിഡ്സ് രോഗത്തിലേക്കു തള്ളിവിട്ടതിന് എന്ത് ന്യായീകരണമാണ് നൽകാനുള്ളത്?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

സർക്കാർ ആശുപത്രികളിലെ സൗജന്യ ചികിത്സ

5394 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ബി) ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടാൻ അർഹരാണെങ്കിലും പല കാരണങ്ങളാൽ എ.പി.എൽ കാർഡ് ആണ് ഉള്ളതെന്നതുകൊണ്ട് സൗജന്യ ചികിത്സ ലഭിക്കാത്ത നിരവധി പേർ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബി.പിഎൽ കാർഡിന്റെ ബലത്തിൽ അനർഹരായവർക്ക് സൗജന്യ ചികിത്സ ലഭിക്കുന്ന കാര്യം അറിവുണ്ടോ;

(ഡി) പ്രസ്തുത അപാകതകൾ പരിഹരിച്ച് അർഹരായവർക്കെല്ലാം സൗജന്യ ചികിത്സ ലഭിക്കുന്നതിന് മാനദണ്ഡത്തിൽ മാറ്റം വരുത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പരിഷ്ക്കരണം</u>

5395 ശ്രീ. പി. കെ. ബഷീര്‍
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി
,, എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സര്‍ക്കാര്‍/സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ചികില്‍സാ രീതികളും, സൗകര്യങ്ങളും കാലാനുസൃതമായി പരിഷ്കരിക്കാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കേന്ദ്ര സര്‍ക്കാരില്‍ നിന്നും എന്തൊക്കെ സഹായങ്ങളാണ് ലഭിച്ചിട്ടുളളത്;

(സി) കഴിഞ്ഞ അഞ്ചുവര്‍ഷത്തിനിടയില്‍ ഈ ഇനത്തില്‍ എന്ത് തുക ലഭിച്ചു; എന്തു തുക ചെലവഴിച്ചു?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പേവിഷ വാക്സിൻ</u>

T5396 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പേവിഷ വാക്സിൻ നിർമ്മാതാക്കളായ ഏതെല്ലാം കമ്പനികളുടെ മരുന്നാണ് സർക്കാർ വാങ്ങുന്നത്; പ്രതിവർഷം എത്ര രൂപയാണ് ഇതിന് ചെലവാക്കുന്നത്?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മനോരോഗ ചികിത്സ</u>

5397 ശ്രീ. ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, സണ്ണി ജോസഫ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വരെ മനോരോഗ ചികിത്സ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് കേന്ദ്രങ്ങളിൽ ഇതിനായി ഒരുക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

**മനോരോഗം ബാധിച്ചവർക്ക് പുനരധിവാസവും ചികിൽസയും**

5398

ശ്രീ. കെ. അച്ചുതൻ
,, എ. റ്റി. ജോർജ്
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനോരോഗം ബാധിച്ചവർക്ക് പുനരധിവാസവും ചികിൽസയും ഉറപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(ബി) ഇതിനായി ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനായി മാനസികാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ഭ്രൂണഹത്യ തടയാൻ ലിംഗ നിർണ്ണയ നിരോധന നിയമം</u>

5399

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭ്രൂണഹത്യ തടയാൻ സംസ്ഥാന സർക്കാരുകൾ ലിംഗ നിർണയ നിരോധന നിയമം കർശനമായി പാലിക്കണമെന്നുള്ള സുപ്രീംകോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിയമം നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഭ്രൂണഹത്യ നടത്തുന്ന കേന്ദ്രങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇവർക്ക് എതിരെ എടുക്കുന്ന നടപടി എന്താകുമെന്ന് വിശദീകരിയ്ക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ലെൻസിന്റെ ഗുണമേന്മ പരിശോധിക്കാൻ സംവിധാനം</u>

T5400

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കണ്ണട വ്യാപാര സ്ഥാപനങ്ങളിൽ വ്യത്യസ്ത വിലകളിൽ കണ്ണടകൾ വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ണടകളിലെ ലെൻസിന്റെ ഗുണമേന്മയുടെ അടിസ്ഥാനത്തിലാണ് വ്യത്യസ്ത വിലകൾ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലെൻസിന്റെ ഗുണമേന്മ പരിശോധിക്കാൻ സംസ്ഥാനത്ത് നിലവിൽ സംവിധാനങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വില നിജപ്പെടുത്താൻ നടപടിയുണ്ടാകുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനം</u>

5401 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് എത്രകോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; ഇവയുടെ ജില്ല തിരിച്ചുളള കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>പാലിയേറ്റീവ് കെയര്‍ ക്ലിനിക്കുകള്‍</u>

5402 ശ്രീ. ഇ.പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സര്‍ക്കാര്‍ ആശുപത്രികളിലാണ് പാലിയേറ്റീവ് കെയര്‍ ക്ലിനിക്കുകള്‍ സ്ഥാപിച്ച് പ്രവര്‍ത്തിക്കുന്നത്;

(ബി) എല്ലാ താലൂക്ക് ആശുപത്രികളിലും പാലിയേറ്റീവ് കെയര്‍ ക്ലിനിക്കുകള്‍ പ്രവര്‍ത്തനം എപ്പോഴാണ് ആരംഭിച്ചത് എന്നറിയിക്കുമോ;

(സി) പാലിയേറ്റീവ് കെയര്‍ ക്ലിനിക്കുകള്‍ ആരംഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങള്‍ താലൂക്ക് ആശുപത്രികളില്‍ ലഭ്യമാക്കിയിട്ടുണ്ട്;

(ഡി) പാലിയേറ്റീവ് ചികിത്സയുമായി ബന്ധപ്പെട്ട് രോഗികള്‍ക്ക് ഏറ്റവും ആവശ്യമായി വരുന്ന 'മോര്‍ഫിന്‍' അടക്കമുള്ള മരുന്നുകള്‍ സംസ്ഥാനത്തെ സര്‍ക്കാര്‍ ആശുപത്രികളിലെ ഫാര്‍മസികളിലോ പാലിയേറ്റീവ് കെയര്‍ ഫാര്‍മസികളിലൂടെയോ വിതരണം ചെയ്യുന്നില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) പാലിയേറ്റീവ് കെയര്‍ പരിചരണത്തിന് അവശ്യമരുന്നുകള്‍പോലും ലഭ്യമാക്കുവാന്‍ കഴിയാത്ത സംവിധാനമാണ് നിലവിലുള്ളത് എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കില്‍ പാലിയേറ്റീവ് പരിചരണത്തിന് ആവശ്യമായ മരുന്നുകള്‍ എല്ലാം കെ.എം.എസ്.സി.എല്‍. മുഖേന ലഭ്യമാക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>ആരോഗ്യ മേഖലയിൽ ഇ ഗവേണൻസ്</u>

5403 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ ഇ ഗവേണൻസ് നടപ്പിലാക്കുന്ന വിഷയത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പബ്ലിക്ക് ഹെൽത്ത് ലബോറട്ടറികൾ</u>

5404 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പബ്ലിക്ക് ഹെൽത്ത് ലബോറട്ടറികൾ (പി.എച്ച്.എൽ) പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാം;

(ബി) പ്രസ്തുത ലാബുകൾക്ക് ആവശ്യമായ പരിശോധനാ സാമഗ്രികൾ സംസ്ഥാന മെഡിക്കൽ കോർപ്പറേഷൻ വഴിയാണോ വാങ്ങിവിതരണം നടത്തുന്നത്; എങ്കിൽ വിതരണ രീതി എങ്ങനെയെന്നും എല്ലാ ലാബുകളിലും ഇൻഡന്റ് പ്രകാരം പരിശോധനാ സാമഗ്രികൾ ലഭ്യമാക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) പരിശോധനാ സാമഗ്രികൾ ലോക്കൽ പർച്ചേഴ്സ് നടത്താൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി.</u>

5405 ശ്രീ.കെ. മുരളീധരൻ
,, പാലോട് രവി
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി. ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ആശുപത്രികളിൽ ഇതിനായി ഒരുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

**ആർ. സി. സി. യുടെ പുതിയ 10 നില കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി**

5406 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. സി. സി. യുടെ പുതിയ 10 നില കെട്ടിടത്തിന്റെ ഭരണാനുമതി നൽകിയതും നിർമ്മാണ പ്രവൃത്തി തുടങ്ങിയതും എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിന് കാലതാമസം വരുന്നത് എന്തുകൊണ്ടാണ്; എന്നത്തേക്ക് പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ആർ. സി. സി. യിലെ രോഗികളുടെ സൗകര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച സ്നാക്ക് കൗണ്ടറും, ശീതള പാനീയ കൗണ്ടറും എന്നത്തേക്ക് തുറന്ന് പ്രവർത്തിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) പണികഴിഞ്ഞ വിശ്രമകേന്ദ്രവും എന്നത്തേക്ക് പൂർത്തീകരിച്ച് തുറന്നു പ്രവർത്തിക്കുവാൻ കഴിയും?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

**അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് പാക്കേജ്**

T5407 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖല ഉൾപ്പെടെ പോഷകാഹാരക്കുറവ് മൂലം എത്ര നവജാത ശിശുക്കൾ 1.1.2013 മുതൽ നാളിതുവരെ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അട്ടപ്പാടി പോലുള്ള പ്രദേശങ്ങളിൽ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടി മേഖലയിലെ ആശുപത്രികളുടെ പ്രവര്‍ത്തനങ്ങള്‍</u>

5408 ശ്രീ.എം.ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അട്ടപ്പാടി മേഖലയിലെ ശിശുമരണങ്ങളുടെ സാഹചര്യത്തില്‍ ആ മേഖലയിലെ ആശുപത്രികളുടെ പ്രവര്‍ത്തനങ്ങള്‍ സജീവമാക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) കോട്ടത്തറ സ്പെഷ്യലിസ്റ്റ് ആശുപത്രിയില്‍ എത്ര സ്പെഷ്യലിസ്റ്റ് ഡോക്ടര്‍മാരുടെ ഒഴിവുകളാണ് നികത്തപ്പെടാതെ കിടക്കുന്നത്;

(സി) ഇവിടെയെത്തുന്ന രോഗികള്‍ക്ക് ഡോക്ടര്‍മാരുടെ സേവനം ലഭ്യമാക്കുവാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) അവിടേക്കു നിയമിക്കപ്പെടുന്ന ഡോക്ടര്‍മാര്‍ അവിടെ ചാര്‍ജ്ജെടുക്കുന്നില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കില്‍ അതിന് എന്ത് പരിഹാരമാണ് സ്വീകരിച്ചിട്ടുള്ളത്?

## കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

അട്ടപ്പാടി, അഗളി മേഖലയിലെ ചികിത്സാ സംവിധാനത്തിന്റെ ഘടന

5409 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി, അഗളി മേഖലയിൽ നിലവിലുള്ള ചികിത്സാ സംവിധാനത്തിന്റെ ഘടന എന്താണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) വകുപ്പ് മന്ത്രി അവിടെ സന്ദർശനം നടത്തിയശേഷം നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പുതിയതായി സർക്കാർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജുകളിൽ ഒന്ന്, പ്രസ്തുത മേഖലയിലെ ആദിവാസികൾക്ക് പ്രയോജനം കിട്ടുന്നരീതിയിൽ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ മെഡിക്കൽ കോളേജിൽ ആധുനിക സി.റ്റി. സ്കാനർ സ്ഥാപിക്കാൻ നടപടി</u>

5410 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ വേണ്ടത്ര സി.ടി. സ്കാൻ സംവിധാനമില്ലാത്തതിനാൽ രോഗികൾക്ക് സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധുനിക സി.ടി. സ്കാൻ സംവിധാനം ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ മെഡിക്കൽ കോളേജിൽ സൈക്യാട്രി ഡോക്ടറെ നിയമിക്കാൻ നടപടി</u>

5411 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗത്തിൽ മതിയായ ഡോക്ടർമാരില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ മതിയായ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) സൈക്യാട്രി വിഭാഗം ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്. അടങ്കൽ തുക എത്ര ; ആരാണ് കരാറുകാരൻ ; കരാർ അനുസരിച്ച് പണി എന്നു പുർത്തിയാക്കണം ; പണി പൂർത്തീകരിക്കുന്നതിനു തടസ്സമെന്താണെന്നും വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ മെഡിക്കല്‍ കോളേജിലെ മോര്‍ച്ചറിയുടെ പ്രവര്‍ത്തനം</u>

5412 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ മെഡിക്കല്‍ കോളേജില്‍ പുതിയ മോര്‍ച്ചറി സംവിധാനം ഏര്‍പ്പെടുത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഫ്രീസര്‍ സൗകര്യം കാര്യക്ഷമമാക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ആധുനിക ഫ്രീസര്‍ സംവിധാനത്തോടുകൂടിയ മോര്‍ച്ചറിയുടെ പ്രവര്‍ത്തനം എന്ന് ആരംഭിക്കുവാന്‍ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കായംകുളം താലൂക്കാശുപത്രിയിൽ പൂട്ടിയിട്ടിരിക്കുന്ന പേവാർഡുകൾ</u>

5413 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ പകുതിയിലേറെ പേവാർഡുകൾ മാസങ്ങളായി പൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പേവാർഡ് രോഗികൾക്കായി തുറന്നുകൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പനിബാധിതരുടെ എണ്ണം കൂടിയ സാഹചര്യത്തിൽ താലൂക്കാശുപത്രികളിൽ ഒ.പി. സമയം കൂട്ടണമെന്ന നിർദ്ദേശം കായംകുളം താലൂക്കാശുപത്രിയിൽ പാലിക്കപ്പെടുന്നുണ്ടോ; എത്ര ഡോക്ടർമാരുടെ സേവനമാണ് ഈ സമയങ്ങളിൽ ഒ.പി.യിൽ ലഭിക്കുക എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കായംകുളത്തെ കൊതുകുജന്യ രോഗങ്ങളുടെ വിശദാംശങ്ങൾ</u>

5414 ശ്രീ. സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ട ചെട്ടികുളങ്ങര, പത്തിയൂർ, കൃഷ്ണപുരം, കണ്ടല്ലൂർ, ദേവികുളങ്ങര പി.എച്ച്.സി.കളിൽ 2013 ജനുവരി മുതൽ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുളള കൊതുകുജന്യ രോഗങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ ഈ കാലയളവിൽ പകർച്ചവ്യാധികൾ പിടിപെട്ട് ആരെങ്കിലും മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

**കായംകുളം താലൂക്ക് ആശുപത്രിയിലെ അസൗകര്യങ്ങൾ**

5415 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ ലേബർ റൂം, ഐ. സി.യു., ഓപ്പറേഷൻ തീയറ്റർ എന്നിവയ്ക്കായി പുതിയ ബഹുനിലകെട്ടിടം ഉണ്ടായിട്ടും ഇവിടെ വെറും കാഷ്വാലിറ്റി മാത്രമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇവിടെ ബ്ലഡ് സ്റ്റോറേജ് യൂണിറ്റിനായി ആവശ്യമായ കെട്ടിടവും, ഉപകരണങ്ങളും ഉണ്ടായിട്ടും ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ അൾട്രാസൗണ്ട് സ്കാനിംഗിനായി മെഷീനുകൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഇത് പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമാക്കാമോ;

(ഇ) അൾട്രാ സൗണ്ട് സ്കാനിംഗ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതി പ്രകാരം ലഭിക്കാനുള്ള തുക</u>

T5416

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതി പ്രകാരം 2013 മാർച്ച് 31 വരെ കായംകുളം താലൂക്കാശുപത്രിയ്ക്ക് ലഭിക്കാനുള്ള തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) എല്ലാ മാസവും പദ്ധതിയിലൂടെ ലഭിക്കേണ്ട തുക സംബന്ധിച്ച് റിപ്പോർട്ട് ഇൻഷൂറൻസ് കമ്പനിയ്ക്ക് ആശുപത്രിയിൽ നിന്ന് അയക്കുന്നുണ്ടെങ്കിലും ഫണ്ട് ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിൽ ക്യാൻസർ രോഗബാധിതരുടെ എണ്ണം</u>

5417 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയില കാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ കണക്കുകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം മാത്രം തൃശൂർ ജില്ലയിൽനിന്നും എത്ര കാൻസർ രോഗികൾ പുതുതായിട്ടും എത്രപേർ തുടർചികിത്സക്കു വേണ്ടിയും തിരുവനന്തപുരത്ത് റീജിയണൽ കാൻസർ സെന്ററിൽ എത്തിയിട്ടുണ്ടെന്ന് പറയാമോ;

(സി) കാൻസർ രോഗികളുടെയും അവരെ പരിചരിക്കുന്ന ബന്ധുക്കളുടെയും ദീർഘദൂര യാത്രയിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ കാൻസർ രോഗ ചീകിത്സയ്ക്കുവേണ്ടി മാത്രം ഒരു വകുപ്പ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>തൃശ്ശൂർ മെഡിക്കൽ കോളേജിൽ മാമോഗ്രാം മെഷീൻ</u>

5418 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ മാമോഗ്രാം മെഷീൻ പ്രവർത്തന രഹിതമായി കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടി മെഷീൻ പ്രവർത്തന ക്ഷമമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മെഷീൻ എത്രയും വേഗം പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയില്‍ ആരംഭിക്കുന്ന മെഡിക്കല്‍ കോളേജ്</u>

5419 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കാസര്‍ഗോഡ് ജില്ലയില്‍ ആരംഭിക്കുന്ന മെഡിക്കല്‍ കോളേജിന്റെ നിര്‍മ്മാണ പ്രവൃത്തി ഏത് ഏജന്‍സി വഴി ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്; അറിയിക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ചാലക്കുടി താലൂക്ക് ആശുപത്രിയിൽ അനസ്തെറ്റിസ്റ്റിന്റെ നിയമനം

5420 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ഏറെക്കാലമായി ഒഴിഞ്ഞു കിടക്കുന്ന അനെസ്തെറ്റിസ്റ്റ് ഒഴിവിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ചേലക്കര നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ ഒഴിവുകൾ

5421 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ വിവിധ തസ്തികകളിലെ ഒഴിവുകളെക്കുറിച്ച് തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുേ ാ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പകർച്ചപ്പനിയും മറ്റ് മഴക്കാലജന്യ രോഗങ്ങൾ ഉൾപ്പെടെ വ്യാപകമായി പടർന്നുകൊ ിരിക്കുന്ന സാഹചര്യത്തിൽ ആശുപത്രികളിലെ ഒഴിവുകൾ നികത്തുമെന്ന സർക്കാർ പ്രഖ്യാപനം ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

**<u>അന്തിക്കാട് കെ. പി. പ്രഭാകരൻ സ്മാരക ആശുപത്രിയിൽ ക്ലിനിക്കൽ ലബോറട്ടറി</u>**

5422

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ അന്തിക്കാട് കെ. പി. പ്രഭാകരൻ സ്മാരക സർക്കാർ ആശുപത്രിയിൽ ഒരു ക്ലിനിക്കൽ ലബോറട്ടറി സ്ഥാപിക്കണമെന്നും അതിനാവശ്യമായ ടെക്നീഷ്യനെയും നിയമിക്കണമെന്നുമുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മേൽ നടപടികൾ എന്തായി എന്ന് വിശദമാക്കുമോ;

(ബി) ക്ലിനിക്കൽ ലബോറട്ടറി ഏത് സമയത്ത് സ്ഥാപിക്കാനാകുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

**കയ്പമംഗലം നിയോജകമണ്ഡലത്തിൽ കോംപ്രഹെൻസീവ് കാൻസർ പ്രോജക്ട്**

5423 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ കോംപ്രഹെൻസീവ് കാൻസർ പ്രോജക്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പദ്ധതി നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥർ ആയതിലേക്കായി ഒരു നടപടിയും സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

കൊ ോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തന സമയം

5424

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊ ോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ദിവസവും ഏകദേശം എത്ര രോഗികൾ ചികിത്സയ്ക്ക് എത്തുന്നു െ ന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ ഡോക്ടർമാരുടെ പ്രവർത്തന സമയം വ്യക്തമാക്കുമോ;

(സി) ഉച്ചയ്ക്ക് ശേഷം രോഗികളെ പരിശോധിക്കുന്നതിന് നിലവിൽ സംവിധാനം ഉ ോ;

(ഡി) എങ്കിൽ ആരെല്ലാമാണ് ഉച്ചയ്ക്ക്ശേഷം രോഗികളെ പരിശോധിക്കുന്നത്;

(ഇ) ഇല്ലെങ്കിൽ ഉച്ചയ്ക്ക്ശേഷവും രോഗികളെ ഒ. പി. യിൽ പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ഓമാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

5425 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഓമാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന എത്ര ഡോക്ടർമാരു ് എന്ന് വിശദമാക്കുമോ;

(ബി) വർക്കിംഗ് അറേഞ്ച്മെന്റിലുള്ളവരെ ഒഴിവാക്കി സ്ഥിരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് മന്ത്രിയുടെ ജില്ലാ അദാലത്തിൽ എടുത്ത തീരുമാനം നടപ്പിലായിട്ടു ോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജില്ലാ പബ്ലിക് ഹെൽത്ത് ലാബ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം</u>

5426 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് ജില്ലാ പബ്ലിക് ഹെൽത്ത് ലാബ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) 15.11.2012ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലാബ് ആരംഭിക്കുന്നതിന് ഉത്തരവ് നൽകിയെങ്കിലും പ്രൊപ്പോസലുകൾ സമർപ്പിക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പബ്ലിക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ഡി) ഇതിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കാരുണ്യ ഫാർമസി</u>

5427

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട ബ്ലോക്ക് പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കാരുണ്യ ഫാർമസി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ചവരുടെ എണ്ണം</u>

5428 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഡെങ്കിപ്പനി പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡെങ്കിപ്പനി പടരുന്നത് നിയന്ത്രണ വിധേയമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത്; വിശദീകരിക്കാമോ;

(സി) ജില്ലയിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും, അവലോകനം ചെയ്യുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(ഡി) പാലക്കാട് ജില്ലാ ആശുപത്രി, വിവിധ താലൂക്കാശുപത്രികൾ, വിവിധ പി.എച്ച്.സി.കൾ എന്നിവിടങ്ങളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഇ) ഒഴിവുകൾ അടിയന്തിരമായി നികത്തുമോ; വിശദീകരണം നൽകാമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>നെന്മാറ മണ്ഡലത്തിൽ ഡെങ്കിപ്പനി മരണം</u>

5429 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) മണ്ഡലത്തിൽ എത്ര ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്തിട്ടു ്;

(സി) ഡെങ്കിപ്പനി ബാധിച്ച് എത്ര ആളുകൾ മരണപ്പെട്ടു; മരണം സംബന്ധിച്ച വിവരം ലഭിച്ചിട്ടു േ ാ;

(ഡി) ഇത്തരം മരണം സംഭവിച്ച കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ കുറഞ്ഞ വിലയ്ക്ക് മരുന്ന്

5430 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിലെ ജില്ലാ ആശുപത്രിയിൽ നിർദ്ധനരായ രോഗികൾക്ക് കുറഞ്ഞ വിലയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ ഫാർമസിയുടെ ഒരു കേന്ദ്രം നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) നെയ്യാറ്റിൻകരയിലെ ജില്ലാ ആശുപത്രിയിൽ കുറഞ്ഞ വിലയ്ക്ക് ഗുണനിലവാരമുള്ള മരുന്ന് ലഭ്യമാക്കുന്നതിന് കാരുണ്യ ഫാർമസി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>വാമനപുരത്തെ സർക്കാർ ആശുപത്രികളിലെ ലബോറട്ടറി സൗകര്യങ്ങൾ</u>

5431 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ലഭ്യമായ വിവിധ ലബോറട്ടറി സൗകര്യങ്ങളുടെ ആശുപത്രി തിരിച്ചുള്ള വിശദ വിവരം അറിയിക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കൊയിലാ   ിയിലെ പി.എച്ച്.സി. കെട്ടിട നിർമ്മാണം</u>

5432 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാ ി നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിൽ എം.എൽ.എ. എസ്.ഡി.എഫ്. ഉപയോഗിച്ച് നടേരി പി.എച്ച്.സി. യ്ക്ക് കെട്ടിടം നിർമ്മിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

പനത്തടി സി.എച്ച്.സി യുടെ പേര് മാറ്റം

5433 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പൂടംകല്ലിലുള്ള പനത്തടി സി.എച്ച്.സി യുടെ പേര് പരപ്പ സി.എച്ച്.സി. എന്ന് മാറ്റിയിട്ടു ോ;

(ബി) എങ്കിൽ ഈ പേര് മാറ്റം എന്തിനായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പേരുമാറ്റം മൂലം ഉദ്യോഗസ്ഥർക്കും മറ്റും ഉ ാകുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>തലശ്ശേരിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി</u>

5434 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുേ ോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ അസൗകര്യങ്ങൾ</u>

5435 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഇപ്പോൾ കിടത്തി ചികിൽസിക്കുവാൻ സൗകര്യമില്ലാത്തതിനാൽ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുേ ാ;

(ബി) വളരെയധികം രോഗികൾ ആശ്രയിക്കുന്ന ഈ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിൽസിപ്പിക്കുവാൻ ആവശ്യമായ നടപടികൾ പരിഗണനയിലുേ ാ;

(സി) ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസറോട് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുേ ാ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ അന്വേഷണം നടത്തി പള്ളിക്കൽ പി.എച്ച്.സി.യിൽ കിടത്തി ചികിത്സ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

ഞാറക്കൽ സർക്കാർ ആശുപ്രതി താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് നടപടി

5436 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ സർക്കാർ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ജിഡ ഫണ്ട് ഉപയോഗിച്ച് ഞാറക്കൽ സർക്കാർ ആശുപത്രിയിൽ നടത്താനുദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിച്ച് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ സ്ത്രീകളുടെയും
കുട്ടികളുടെയും ആശുപത്രി

5437 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലക്ക് അനുവദിച്ച പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സാധിച്ചുവോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ എന്നേക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി നടപ്പുവർഷം എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**4.07.2013–ലെ മറുപടിക്ക്**

<u>ആശ്രിത നിയമനം ലഭിക്കുന്നതുമായി ബന്ധപ്പെട്ട</u>
<u>നടപടി</u>

5438 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സിനിതയുടെ അപേക്ഷയിൻമേലുള്ള ഫയലിൽ [12115/H1/H&FW] ഇപ്പോൾ നടന്നുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സിനിതയ്ക്ക് ആശ്രിത നിയമനം എന്നത്തേക്ക് ലഭിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ആരോഗ്യ രംഗത്തെ ഒഴിവുകളുടെ എണ്ണം</u>

5439 ശ്രീ. ബി.സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മെഡിക്കൽ കോളേജ്, ജനറൽ ഹോസ്പിറ്റൽ, ജില്ലാ ഹോസ്പിറ്റൽ, താലൂക്ക് ഹോസ്പിറ്റൽ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, റൂറൽ ഹെൽത്ത് സെന്റർ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായി നിലവിൽ സ്റ്റാഫ് നഴ്സുമാരുടെയും, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടേയും എത്ര ഒഴിവുകൾ ഉണ്ട്;ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർ

5440 ശ്രീ.മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യവകുപ്പിൽ നിന്നും ഏത്ര ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് വകുപ്പുകളിൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ആരോഗ്യ വകുപ്പിൽ നിന്നും എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; ഏതൊക്കെ ജില്ലകളിൽ എന്ന് വ്യക്തമാക്കാമോ;

(സി) ആരോഗ്യവകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളിലേക്ക് ജീവനക്കാർ പോയതിന്റെ ഫലമായി ആരോഗ്യ വകുപ്പിൽ ജീവനക്കാരുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ; ഇതു സംബന്ധിച്ച് വകുപ്പിന് സ്റ്റാഫിന്റെ അപര്യാപ്തതയുണ്ടോ; ഇവരെ തിരികെ വിളിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

5441 ശ്രീമതി .കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രസ്തുത ഡോക്ടർമാർ എവിടെയെങ്കിലും സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

5442 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സ്വകാര്യ ആശുപത്രികളിലെ ചികിത്സയുടെ തുക മെഡിക്കൽ റീ-ഇംബേഴ്സ് ചെയ്തുകിട്ടുന്നത് സംബന്ധിച്ച ഉത്തരവ് പുറത്തു വന്നിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഏതെല്ലാം സ്വകാര്യ ആശുപത്രികളെ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന വിവരം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>നഴ്സിംഗ് മേഖലയിലെ സ്റ്റാഫ് പാറ്റേൺ</u>

5443 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ നിലവിലുള്ള നഴ്സിംഗ് മേഖലയിലെ സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) ആയത് എത്ര വർഷമായി തുടരുന്നതാണ്; വിശദമാക്കുമോ;

(സി) നഴ്സിംഗ് മേഖലയിൽ ആകെ എത്ര തസ്തികകളുണ്ട്; ആയതിൽ ഇപ്പോൾ എത്ര പേർ സേവനമനുഷ്ടിക്കുന്നു; വിശദമാക്കുമോ;

(ഡി) നഴ്സിംഗ് മേഖലയിൽ ഓരോ ജില്ലയിലും എത്ര പേർ സേവനമനുഷ്ടിക്കുന്നുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>സ്റ്റാഫ് നഴ്സ് നിയമനം ത്വരിതപ്പെടുത്തുന്നതിന് നടപടി</u>

T-5444 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സിന്റെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി. എസ്.സി യോട് അടിയന്തരിമായി ലിസ്റ്റ് തയ്യാറാക്കി സ്റ്റാഫ് നഴ്സ് നിയമനം നടത്താൻ ആവശ്യപ്പെടുമോ;

(സി) കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിലായി സ്റ്റാഫ് നഴ്സിന്റെ എത്ര ഒഴിവാണ് നിലവിലുളളത്;

(ഡി) സ്റ്റാഫ് നഴ്സ് നിയമനം ത്വരിതപ്പെടുത്തുന്നതിന് വ്യക്തമായ നിർദ്ദേശം പി. എസ്.സി ക്ക് നൽകുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>രോഗി – നഴ്സ് – പാരാമെഡിക്കൽ സ്റ്റാഫ് – ഡോക്ടർ അനുപാതം</u>

5445 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിലെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗി – നഴ്സ് – പാരാമെഡിക്കൽ സ്റ്റാഫ് – ഡോക്ടർ അനുപാതം, മാനദണ്ഡമനുസരിച്ച് ക്രമീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പുതുതായി ആരംഭിക്കുന്ന മഞ്ചേരി മെഡിക്കൽ കോളേജിൽ ഈ അനുപാതം, മാനദണ്ഡമനുസരിച്ച് ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

''108 ആംബുലൻസ് സർവ്വീസിലെ'' ജീവനക്കാർക്ക് മിനിമം വേതനം

5446 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''108 ആംബുലൻസ് സർവ്വീസിലെ'' ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് മിനിമം വേതനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സ്വകാര്യ ഏജൻസിക്ക് കരാർ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ഈ സംവിധാനം സർക്കാരിന്റേയോ, എച്ച്.എം.സി യുടേയോ നേരിട്ട് നിയന്ത്രണത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>അലോപ്പതി ഡോക്ടർമാരുടെ ഒഴിവുകളുടെ എണ്ണം</u>

5447 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു മാസം മുതൽ 6 മാസം വരെ ദീർഘകാല അവധിയിൽ പോയിട്ടുള്ള എത്ര ഡോക്ടർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(ബി) എങ്കിൽ 2013 മെയ്, ജൂൺ മാസങ്ങളിലായി ഡോക്ടർമാരുടെ എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ആർ.സി.സി ജീവനക്കാർക്ക് പെൻഷൻ സ്കീം

5448 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി ജീവനക്കാർക്ക് പെൻഷൻ സ്കീം അംഗീകരിച്ചത് എന്നാണ് എന്ന് വ്യക്തമാക്കുമോ;

(ബി) അംഗീകരിച്ച പെൻഷൻ സ്കീം നടപ്പാക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം എന്താണ്;

(സി) പെൻഷൻ പദ്ധതി അനന്തമായി നീണ്ടു കഴിഞ്ഞാൽ അർഹതയുള്ള ധാരാളം പേർക്ക് പെൻഷൻ ലഭിക്കാതെ പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അനുവദിച്ച പെൻഷൻ പദ്ധതി 01.04.2011 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് രേഖാമൂലം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ ജെ. പി. എച്ച്. എൻ. ഗ്രേഡ് II നിയമനം

5449 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിൽ വന്ന ജെ. പി. എച്ച്. എൻ. ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ ഇതുവരെ നിയമിച്ചു;

(ബി) 2013 ജൂൺ 30 ന് മുമ്പ് പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ;

(സി) 2013 ഡിസംബർ 31 വരെ എത്ര വിരമിക്കൽ ഒഴിവുകൾ ഉണ്ട്; പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഗ്രേഡ് II-ൽ നിന്നും ഗ്രേഡ് I ലേക്കുള്ള പ്രമോഷൻ ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) 2013 ജൂൺ 30 വരെയുള്ള എൻ.ജെ.ഡി ഒഴിവുകൾ എത്ര; ഇവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; മുൻസിപ്പൽ കോമൺ സർവ്വീസിൽ 2013-ൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**4.07.2013–ലെ മറുപടിക്ക്**

<u>പാലക്കാട് ജില്ലയിലെ ജെ.പി.എച്ച്.എൻ ഗ്രേഡ്–II നിയമനം</u>

5450 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 18.04.2012–ലെ ജെ.പി.എച്ച്.എൻ. ഗ്രേഡ്–I പ്രൊമോഷനെ തുടർന്ന് പാലക്കാട് ജില്ലയിൽ എത്ര ജെ.പി.എച്ച്.എൻ. ഗ്രേഡ്–II ഒഴിവുകളാണ് ഉണ്ടായിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) ഈ ഒഴിവുകളിലേക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടന്നിട്ടുണ്ടോ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ O.A.No.1001 of 2012 ഉത്തരവ് പ്രകാരം എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ജെ.എച്ച്.ഐ. ഗ്രേഡ്2 നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത

5451 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജെ.എച്ച്.ഐ. ഗ്രേഡ്-2 നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡം എന്താണ് ; ഇത് നിലവിൽ വന്നത് ഏത് തീയതി മുതലാണ് ; വിശദമാക്കാമോ ;

(ബി) പ്രസ്തുത മാനദണ്ഡം നിലവിൽ വന്നതിനുശേഷം തസ്തിക മാറ്റത്തിലൂടെയും പി.എസ്.സി. മുഖേനയും നിയമിതരായവരുടെ പൂർണ്ണ വിശദാംശങ്ങൾ നൽകാമോ ;

(സി) തസ്തിക മാറ്റത്തിലൂടെ ജെ.എച്ച്.ഐ ഗ്രേഡ്-2 നിയമനത്തിന് എത്ര അപേക്ഷകൾ വകുപ്പിൽ നിലനിൽക്കുന്നുണ്ടെന്ന് സീനിയോറിറ്റി ലിസ്റ്റ് സഹിതം വിശദമാക്കാമോ ;

(ഡി) ഏതൊക്കെ ജില്ലകളിൽ ജെ.എച്ച്.ഐ. ഗ്രേഡ്-2 തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

കാസർഗോട്ടെ സി.എച്ച്.സി. കളിലെ സ്റ്റാഫ് പാറ്റേൺ

5452 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പെരിയ ബേഡഡുക്ക സി.എച്ച്.സി, മുളിയാർ സി.എച്ച്.സി. എന്നിവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ ഇപ്പോഴും പി.എച്ച്.സി ലെവലിലാണ് ഉള്ളതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത സി.എച്ച്.സി. കളിൽ ആശുപത്രികളിലെ സി.എച്ച്.സി. ലെവലിലുള്ള സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

ദന്തൽ കോളേജുകളിൽ ഫോട്ടോഗ്രാഫർ തസ്തിക

5453 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ദന്തൽ കോളേജുകളിൽ ഫോട്ടോഗ്രാഫർമാരുടെ തസ്തികകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഫോട്ടോഗ്രാഫർമാരുടെ ജോലി സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(സി) പ്രസ്തുത തസ്തികയിലുള്ളവർക്ക് പ്രത്യേകം സ്റ്റുഡിയോ റൂമുകൾ നിലവിലുണ്ടോ; എന്തെല്ലാം ഉപകരണങ്ങളാണ് ഇവർ സൂക്ഷിക്കേണ്ടത്; ആയത് കൃത്യമായി രജിസ്റ്റർ ചെയ്ത് സൂക്ഷിയ്ക്കുന്നുണ്ടോ; ആയത് പരിശോധന നടത്തുന്നുണ്ടോ;

(ഡി) പെരിയോഡോൺടിക്സ് വിഭാഗത്തിൽ എത്ര കേസ്സുകൾ തിരുവനന്തപുരം ദന്തൽ കോളേജിൽ കഴിഞ്ഞ രണ്ടുവർഷക്കാലമായി ഫോട്ടോഗ്രാഫർ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ; ആയതിൽ പഠന വിധേയമാക്കേണ്ടുന്ന എന്തെല്ലാം കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

**മെഡിക്കൽ ഫോട്ടോഗ്രാഫേഴ്സ് തസ്തികയിലെ ഒഴിവുകൾ**

5454

ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഫോട്ടോഗ്രാഫേഴ്സ് തസ്തിക കേരളത്തിൽ എത്ര മെഡിക്കൽ കോളേജുകളിലും, ഡെന്റൽ കോളേജിലും നിലവിലുണ്ട്; ഏതെല്ലാം കോളേജുകളിൽ ഒഴിവുകൾ നിലവിലുണ്ട്; പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തത് എത്ര;

(ബി) തിരുവനന്തപുരം ഗവൺമെന്റ് ഡെന്റൽ കോളേജിൽ നിന്നും ജീവനക്കാരനെ ഉൾപ്പെടെ തസ്തിക കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റിയപ്പോൾ അവിടെ നിലവിൽ വേക്കൻസി നിലവിലുണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തിന് 40 വിദ്യാർത്ഥികൾക്ക് ഒരു തസ്തിക അനിവാര്യമാണോ;

(ഡി) തിരുവനന്തപുരം ഡെന്റൽ കോളേജിൽ നിന്നും തസ്തിക ഉൾപ്പെടെ ജീവനക്കാരെ സ്ഥലംമാറ്റിയതു മൂലം തസ്തിക ഇല്ലാതായ കോളേജിന്റെ അഫിലിയേഷൻ നഷ്ടമാകുമോ;

(ഇ) ഈ തസ്തികയിലേക്ക് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് നിയമിക്കപ്പെടാൻ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എന്ന് നിലവിൽ വന്നു; ഇതുവരെ നിയമനം നടത്താത്തതിന് കാരണമെന്തെന്ന് അറിയുമോ?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകളുടെ എണ്ണം</u>

5455 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പയ്യന്നൂർ, പെരിങ്ങോം താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ ഏതെല്ലാം തസ്തികകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഒഴിവുള്ള തസ്തികകളിലേക്ക് സ്ഥിരം നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഒഴിവുള്ള ജീവനക്കാരുടെ എണ്ണം

5456 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ അനസ്തേഷ്യാ ഡോക്ടറടക്കം രണ്ട് ഡോക്ടർമാരുടേയും മറ്റ് ഇതര ജീവനക്കാരുടേയും ഒഴിവുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ കോളേജുകൾ നടത്തിയ പ്രവേശന പരീക്ഷ</u>

5457 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' റ്റി. വി. രാജേഷ്
'' ആർ. രാജേഷ്
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയകോളേജുകൾ തനതായി നടത്തിയ പ്രവേശന പരീക്ഷ റദ്ദാക്കിയതിനെതിരെ കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ ഹൈക്കോടതിയിൽ നൽകിയിരിക്കുന്ന കേസിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന നിലപാട് അറിയിക്കുമോ; എതിർ സത്യവാങ്മൂലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നിയമജ്ഞർ ചൂണ്ടിക്കാണിക്കുന്നതുപോലെ അഖിലേന്ത്യാ ഏകീകൃത പ്രവേശന പരീക്ഷയ്ക്ക് പകരം വേറെ പരീക്ഷ നടത്താൻ പാടില്ലെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾ അറിയിക്കുമോ; ഇവ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയസ്ഥാപനങ്ങൾക്ക് ബാധകമാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഡി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രോസ്പെക്ടസ് അനുസരിച്ച് ഈ മെഡിക്കൽ കോളേജിലേക്ക് പ്രവേശനപരീക്ഷ(നീറ്റ്) നടത്തിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഒരേ കോളേജിലേക്ക് വിവിധ പ്രവേശന പരീക്ഷയിലൂടെ പ്രവേശനം നടത്താൻ സാധിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

എം. ബി. ബി. എസ്. പ്രവേശനം - സ്വാശ്രയ മാനേജുമെന്റുമായുള്ള കരാർ

T-5458 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം. ബി. ബി. എസ്. പ്രവേശനവുമായി ബന്ധപ്പെട്ടു സ്വാശ്രയ മാനേജുമെന്റുകൾ സർക്കാരുമായി ഉണ്ടാക്കിയ കരാറിൽ നിന്നും പിൻവാങ്ങിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) കരാറിൽ നിന്നും പിൻവാങ്ങിയാൽ എത്ര മെരിറ്റ് സീറ്റുകൾ നഷ്ടപ്പെടുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) സ്വാശ്രയ മാനേജുമെന്റുകളെ ഈ കരാറിൽ ഉറപ്പിച്ചു നിർത്താൻ സർക്കാർ ഏതെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷനുമായുള്ള കരാർ</u>

T-5459 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷനുമായി സർക്കാർ ഈ വർഷം കരാർ ഒപ്പിട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച കരാറിൽ എത്തിച്ചേരുന്നതിലേക്കായി സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് അസോസിയേഷന് എന്തൊക്കെ കാര്യങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും അനുവദിച്ചിട്ടുള്ളത്; അറിയിക്കാമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

**കോഴിക്കോട് മെഡിക്കൽ കോളേജിൽ**
**എം. ബി. ബി. എസ്സ് സീറ്റ്**

5460 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇപ്പോൾ എം. ബി. ബി. എസ്സിനു എത്ര സീറ്റുകളാണുള്ളത്;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ സീറ്റുകൾ കുറയ്ക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എന്തു കാരണത്താലാണ് സീറ്റു കുറയാൻ ഇടയായത്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനുള്ള മൃതശരീരം

5461 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മൃതശരീരം ലഭ്യമാക്കുന്നത് എവിടെനിന്നാണെന്ന് പറയാമോ; ആവശ്യത്തിനുള്ള മൃതശരീരം ഇപ്പോൾ ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ശരീരദാനത്തിന് തയ്യാറാകുന്നവരെ പ്രോത്സാഹിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് പറയാമോ; ഇത്തരം കേസുകളിൽ മൃതശരീരം യഥാസമയം എംബാം ചെയ്യുന്നതിനും ബന്ധുക്കളുടെ ആവശ്യപ്രകാരം ശരീരം പൊതുദർശനത്തിന് വയ്ക്കുന്നതിനും ബന്ധുക്കളിൽനിന്നും മൃതശരീരം ഏറ്റുവാങ്ങി ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുന്നതിനും ആവശ്യമായ നടപടികൾ ആരാണ് ചെയ്യുന്നത്; ഇതിന്റെ സാമ്പത്തികച്ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കുമോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

മെഡിക്കൽ കോളേജുകളിൽ കൂടുതൽ പി. ജി. കോഴ്സുകൾ

5462 ശ്രീ. തോമസ് ഉണ്ണിയാടൻ
'' സി. എഫ്. തോമസ്
'' മോൻസ് ജോസഫ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കൂടുതൽ പി. ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ വൃത്തിയായും മെസ്സ് സേവനങ്ങൾ ഗുണ നിലവാരത്തിലും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>നഴ്സിംഗ് സ്കൂളിലെ അധ്യാപകനിയമനം</u>

5463 ശ്രീ. എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർക്കാരിനുകീഴിൽ എത്ര നഴ്സിംഗ് സ്കൂളുകൾ ഉണ്ട്; വിശദാംശം നൽകുമോ;

(ബി) നഴ്സിംഗ് സ്കൂളിലെ അധ്യാപക നിയമനത്തിന്റെ വ്യവസ്ഥ എന്താണ്; പി.എസ്.സി. വഴി കഴിഞ്ഞ 10 വർഷത്തോളമായി നിയമനം നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് എന്താണ് കാരണം; വിശദമാക്കുമോ;

(സി) നഴ്സിംഗ് സ്കൂൾ അധ്യാപകനിയമനത്തിൽ റേഷ്യോ അട്ടിമറിക്കപ്പെട്ടതിന് ഉത്തരവാദികൾ ആരാണ്;

(ഡി) നിലവിൽ എത്ര അധ്യാപക തസ്തികകളാണ് ഉള്ളത്; അവയിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണ്;

(ഇ) നഴ്സിംഗ് സ്കൂളിലെ അധ്യാപക നിയമനം പി.എസ്. സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

സീമെറ്റ് എന്ന സ്ഥാപനത്തിനുകീഴിലുള്ള നഴ്സിംഗ് കോളേജുകൾ

5464 ശ്രീ. എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ കീഴിലുള്ള സീമെറ്റ് എന്ന സ്ഥാപനത്തിന്റെ കീഴിൽ എത്ര നഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ബി) പുതുതായി നഴ്സിംഗ് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സീമെറ്റിന്റെ കീഴിലുള്ള നഴ്സിംഗ് കോളേജുകളിലേയ്ക്കുള്ള അധ്യാപക നിയമനം എപ്രകാരമാണ്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നഴ്സിംഗ് കോളേജുകളിലേയ്ക്കുള്ള അധ്യാപക നിയമനം പി.എസ്.സി. മുഖേന നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ഭാരതീയ ചികിത്സാ രീതികള്‍ പ്രാക്ടീസ് ചെയ്യുന്നവരെ മെഡിക്കല്‍ രജിസ്റ്ററില്‍ ഉള്‍പ്പെടുത്തുന്ന നടപടി</u>

5465 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭാരതീയ ചികിത്സാ രീതികള്‍ പ്രാക്ടീസ് ചെയ്യുന്നവരെ മെഡിക്കല്‍ രജിസ്റ്ററില്‍ ഉള്‍പ്പെടുത്തുന്നതിന് വേണ്ടി നിയമഭേദഗതി വരുത്താന്‍ കേന്ദ്ര ആരോഗ്യ മന്ത്രാലയം സംസ്ഥാന സര്‍ക്കാരിനോട് അവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഈ നിര്‍ദ്ദേശത്തിന്റെ ഉദ്ദേശ്യം എന്താണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാന സര്‍ക്കാര്‍ ഇക്കാര്യത്തില്‍ എന്തു നടപടി സ്വീകരിച്ചു; അറിയിക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>സിദ്ധ ഡിസ്പെൻസറികൾ</u>

5466 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ സിദ്ധ ഡിസ്പെൻസറികൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പട്ടിക നൽകാമോ;

(ബി) ഈ നിവേദനങ്ങളുടെ മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>മരുന്നു ഷോപ്പുകളിൽ പരിശോധന</u>

5467 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗം എത്ര മരുന്നു ഷോപ്പുകളിൽ പരിശോധന നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പരിശോധനയുടെ ഭാഗമായി എന്തെല്ലാം വീഴ്ചകളും, കുറ്റകൃത്യങ്ങളുമാണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ഏതൊക്കെ സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

മരുന്നുകളുടെ ഗുണനിലവാര പരിശോധന

5468 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന ഏകദേശം 75000 ത്തിൽപരം ബ്രാന്റഡ് മരുന്നുകളുടെ ഗുണനിലവാരം സമയബന്ധിതമായി പരിശോധിക്കുവാൻ തിരുവനന്തപുരത്തുള്ള ലാബിൽ സൗകര്യമുണ്ടോ;

(ബി) ഒരു വർഷം എത്ര സാമ്പിളുകൾ പരിശോധിക്കുവാനുള്ള സൗകര്യമാണ് ഈ ലാബിലുള്ളത്;

(സി) സമയബന്ധിതമായി സാമ്പിളുകൾ പരിശോധിക്കുവാൻ പ്രസ്തുത ലാബിൽ സൗകര്യം കുറവാണെങ്കിൽ പാലക്കാട് ജില്ലയിൽ ഒരു പുതിയ ലാബ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

യുനാനി ചികിത്സാ സമ്പ്രദായം

5469 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുനാനി ചികിത്സാ സമ്പ്രദായത്തിന്റെ പുരോഗതിക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൻ. ആർ. എച്ച്. എം ന്റെ കീഴിൽ എത്ര പുതിയ ഡിസ്പെൻസറികൾ ആരംഭിച്ചു; അത് എവിടെയെല്ലാമാണ്; വിശദമാക്കുമോ;

(സി) എൻ. ആർ. എച്ച്. എം നു കീഴിൽ എല്ലാ പഞ്ചായത്തുകളിലും യുനാനി ഡിസ്പെൻസറികൾ ആരംഭിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

യുനാനി മെഡിക്കൽ വിദ്യാഭ്യാസം

5470 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുനാനി മെഡിക്കൽ ബിരുദത്തിന് സംസ്ഥാനത്ത് സർക്കാർ മേഖലയിലോ സ്വാശ്രയ മേഖലയിലോ പഠനാവസരം ലഭ്യമാണോ; വ്യക്തമാക്കുമോ;

(ബി) ലഭ്യമല്ലെങ്കിൽ യുനാനി മെഡിക്കൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ബി.യു.എം.എസ്. പഠനത്തിന് കേരള സർക്കാർ ക്വാട്ടയിൽ സംസ്ഥാനത്തിന് പുറത്ത് പഠനത്തിന് അവസരം നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ആയതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ആയുഷ് വകുപ്പ് രൂപീകരണം

5471 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
,, ഇ. ചന്ദ്രശേഖരന്‍
,, പി. തിലോത്തമന്‍
ശ്രീമതി ഇ. എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാരിനു കീഴില്‍ അലോപ്പതി-ആയുര്‍വ്വേദ-ഹോമിയോപ്പതി വകുപ്പുകളുടെ കോ-ലൊക്കേഷന്‍ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആയുഷ് വകുപ്പ് രൂപീകരിക്കണമെന്ന നിര്‍ദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കില്‍, നടപ്പാക്കാന്‍ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിക്കായി കേന്ദ്രം എന്ത് തുക അനുവദിച്ചു; ഈ തുക നഷ്ടപ്പെടാതിരിക്കാന്‍ എന്തു നടപടികള്‍ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതി നടപ്പിലാക്കി കഴിഞ്ഞാലുണ്ടാകുന്ന നേട്ടങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ്

5472 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഭാരതീയ ചികിത്സാ വകുപ്പിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിക്കുന്ന ഒഴിവുകളും എത്ര; വ്യക്തമാക്കാമോ;

(സി) അവയെല്ലാം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) ബാലമുകുളം, ഋതു, പ്രസാദം, കൗമാര സാഫല്യം, ജനനീസുരക്ഷ, പുനർന്നവ എന്നീ പദ്ധതികൾക്കായി കൂടുതൽ ഡോക്ടർമാരുടെ സേവനം ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) കിടത്തി ചികിത്സയുള്ള ആശുപത്രികളിൽ നിലവിലുള്ള ഓരോ ഡോക്ടർമാർക്കു പുറമേ ആർ.എം.ഒ തസ്തിക കൂടി അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത തസ്തികയിൽ എത്ര പേർ പുതുതായി ആവശ്യമായി വരുമെന്ന് വിശദീകരിക്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>പ്രകൃതി ചികിത്സാ കേന്ദ്രങ്ങള്‍</u>

5473 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി ചികിത്സാ കേന്ദ്രങ്ങള്‍ തുടങ്ങുന്നതിന് സര്‍ക്കാര്‍ ലൈസന്‍സ് നല്‍കി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കില്‍ പ്രകൃതി ചികിത്സാ കേന്ദ്രങ്ങളുടെ പ്രവര്‍ത്തനങ്ങള്‍ വ്യവസ്ഥാപിതമാക്കുന്നതിനുള്ള സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തുന്നതിന് നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

<u>ശബരിമല മാസ്റ്റർ പ്ലാൻ</u>

5474 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; ആയത് നടപ്പാക്കുന്നതിനായി എത്ര രൂപയാണ് വേണ്ടിവരിക; ഈ ഫണ്ട് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെ എത്ര നാൾ കൊണ്ട് സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതേവരെ ഈ ഫണ്ടിലേക്ക് എന്ത് തുകയാണ് വിവിധ ഏജൻസികൾ മുഖേന ലഭിച്ചിട്ടുള്ളത്; പ്രസ്തുത തുക ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെ; ഓരോ പദ്ധതിക്കും എത്ര വീതം ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ ശബരിമല മാസ്റ്റർ പ്ലാൻ നടത്തിപ്പുമായി സഹകരിക്കാൻ തയ്യാറായിട്ടുണ്ടോ; എങ്കിൽ ആരൊക്കെ; ഏതൊക്കെ പദ്ധതികൾക്കുവേണ്ടി എത്രവീതം തുകകളാണ് ഇത്തരത്തിൽ ഇവർ ലഭ്യമാക്കാമെന്നുറപ്പു നൽകിയിട്ടുള്ളത്; ആയതിൽ ഏതൊക്കെ പദ്ധതികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) മുൻഗണനാക്രമത്തിലുൾപ്പെടുത്തി നടപ്പാക്കാനായി നിശ്ചയിച്ചിട്ടുള്ള ഈ വർഷത്തെ പദ്ധതികൾ ഏതൊക്കെ; ഓരോ പ്രോജക്ടിനും ചെലവാക്കേണ്ടിവരുന്ന തുകയും ഇവ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ക്ഷേത്രങ്ങളോട് ചേര്‍ന്നുള്ള കാവുകളും കുളങ്ങളും</u>

T-5475 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍
,, പി. ബി. അബ്ദുള്‍ റസാക്
,, കെ. എന്‍.എ. ഖാദര്‍
,, എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ജലസംരക്ഷണവും, പരിസ്ഥിതി സംരക്ഷണവും കണക്കിലെടുത്ത് ക്ഷേത്രങ്ങളോട് ചേര്‍ന്നുളള കാവുകളുടെയും, കുളങ്ങളുടെയും ആല്‍ത്തറകളുടെയും സംരക്ഷണത്തിനും നവീകരണത്തിനുമായുള്ള പദ്ധതിയുടെ വിശദവിവരം നല്കാമോ;

(ബി) ഈ പദ്ധതിയില്‍പ്പെടുത്താവുന്ന കാവുകളുടെയും, കുളങ്ങളുടെയും, ആല്‍ത്തറകളുടെയും വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(സി) 2013-14 വര്‍ഷത്തില്‍ ഇത്തരം എത്ര കാവുകളും, കുളങ്ങളും ഏറ്റെടുത്തു സംരക്ഷിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നല്കാമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

**<u>പാലക്കാട് കോട്ടക്കകത്തെ ഹനുമാൻ കോവിൽ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിന് നടപടി</u>**

5476 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കോട്ടക്കകത്തെ ഹനുമാൻ കോവിൽ സ്വകാര്യ വ്യക്തികൾ കയ്യടക്കിവെച്ച് ഭക്തജനങ്ങളുടെ പണം കൈവശപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹനുമാൻ കോവിൽ മലബാർ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിനുളള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(സി) പ്രസ്തുത ക്ഷേത്രം ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?